# Malayala Manorama
# 27 August 2018
# Shabarimala, Seethathode, Pampa Manalpuram, Rescue operation, Safety Inspection



ശബരിമല സന്നിധാനത്ത് അവശനിലയിൽ കുടുങ്ങിയ മൂന്നു പേരെ പമ്പയിൽ അഗ്നിശമനസേനയുടെ ബോട്ടിൽ മറുകര എത്തിക്കുന്നു.

## പമ്പാ മണൽപ്പുറത്തും റോഡിലും സംയുക്ത സുരക്ഷാ പരിശോധന

**മനോരമ ലേഖകൻ**

സീതത്തോട് ● പൊലീസിന്റെ നേതൃത്വത്തിൽ ളാഹ മുതൽ പമ്പ വരെയുള്ള റോഡിലും പമ്പാ മണൽപ്പുറത്തും സംയുക്ത സുരക്ഷാ പരിശോധന നടത്തി. റോഡ് വിവിധ സ്ഥലങ്ങളിൽ അപകടാവസ്ഥയിലായതിനാൽ പമ്പയിലേക്കുള്ള വാഹനങ്ങൾ അട്ടത്തോട്ടിൽ പൊലീസ് വടം കെട്ടി തടഞ്ഞു. സ്ഥലത്ത് ഡ്യൂട്ടിക്കു പൊലീസിനെയും നിയോഗിച്ചു. മരാമത്തുവകുപ്പിന്റെ നേതൃത്വത്തിൽ അടുത്ത ദിവസം കൂടുതൽ പരിശോധന നടത്തും.

ആറിനു കുറുകെ കയർ കെട്ടിയാണ് പൊലീസ് സംഘം മറുകര കടന്നത്. പമ്പയിലെ എല്ലാ കെട്ടിടങ്ങളിലും പരിശോധന നടത്തി ആരും കുടുങ്ങി കിടക്കുന്നില്ലെന്ന് ഉറപ്പാക്കി. പാർക്കിങ് ഗ്രൗണ്ട്, പമ്പാ ഹിൽ ടോപ്, കെഎസ്ആർടിസി പരിസരം എന്നിവിടങ്ങളിലും പരിശോധന നടന്നു.

പത്തനംതിട്ട ഡിവൈഎസ്പി കെ. റഫീക്ക്, സ്പെഷൽ ബ്രാഞ്ച് ഡിവൈഎസ്പി വിദ്യാധരൻ, പമ്പാ സിഐ കെ.എസ്. വിജയൻ, എസ്ഐ എ.പി. ബാബുരാജ് എന്നിവരുടെ നേതൃത്വത്തിലുള്ള സംഘത്തിന്റെ പരിശോധന റിപ്പോർട്ട് അടുത്ത ദിവസം സർക്കാരിനു കൈമാറും.

പമ്പയിലെ സ്ഥിതി അപകടകരമാണെന്നും തീർഥാടകർക്കു പ്രവേശനമില്ലെന്നും അറിയിച്ചിരുന്നെങ്കിലും അയൽസംസ്ഥാനങ്ങളിൽ നിന്ന് ഭക്തർ പമ്പയിലേയ്ക്കു വരുന്നത് പൊലീസിനു തലവേദനയാകുന്നുണ്ട്.

കോടതിയുടെ നിർദേശംകൂടിയുള്ളതിനാൽ കർശന നിയന്ത്രണമാണ് പൊലീസ് ഏർപ്പെടുത്തിയിരിക്കുന്നത്.

### മൂന്നുപേരെ രക്ഷിച്ചു

സീതത്തോട് ● ശബരിമല സന്നിധാനത്ത് അവശനിലയിൽ കുടുങ്ങിയവർക്കു പൊലീസും അഗ്നിശമനസേനാംഗങ്ങളും രക്ഷകരായി. കനകരാജ് (52), രാമലിംഗം (55), അപ്പുക്കുട്ടൻ (58) എന്നിവരെയാണ് സന്നിധാനത്തു നിന്നു ടാക്ടറിൽ പമ്പയിൽ എത്തിച്ചത്. അഗ്നിശമനസേനയുടെ ബോട്ടിൽ മൂവരെയും നദി കടത്തി പമ്പയിൽ എത്തിച്ച ശേഷം പത്തനംതിട്ട ഗവ. ആശുപത്രിയിലേക്കു മാറ്റി.